**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2209** **21-06-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിച്ച മഞ്ചേരി മെഡിക്കൽ കോളേജ് മോർച്ചറി നവീകരണ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കി, അവിടെ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ; | (എ) | **ബഹു. മഞ്ചേരി നിയോജക മണ്ഡലം എം.എൽ.എ ശ്രീ. യു.എ. ലത്തീഫ് അവർകളുടെ 2023-24 -ലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് മോർച്ചറി നവീകരണത്തിനായി മലപ്പുറം ജില്ലാ കളക്ടറുടെ ഉത്തരവു പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് ഈ സ്ഥാപനത്തിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതി നായി സിവിൽ പ്രവൃത്തിക്ക് 6,50,000/- രൂപയും ഇലക്ട്രിക്കൽ പ്രവൃത്തിക്ക് 1,90,000/- രൂപയും, CCTV സ്ഥാപിക്കുന്നതിന് 1,77,290/- രൂപയും ബന്ധപ്പെട്ട പൊതുമരാമത്ത് വിഭാഗങ്ങളിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ മോർച്ചറിയിലേക്ക് Autopsy table ഉം അനുബന്ധ ഉപകരണങ്ങളും വാങ്ങിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം ഊർജിതപ്പെടുത്തുന്നതാണ്.** |
| (ബി) | മഞ്ചേരി ഗവൺമെന്റ് നഴ്സിംഗ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ; | (ബി) | ആരോഗ്യ വകുപ്പിന് കീഴിലുള്ള മഞ്ചേരി ചെരണിയിലെ ടി.ബി സെന്ററിനോടനു ബന്ധിച്ചുള്ള സ്ഥലത്ത് നഴ്സിംഗ് സ്കൂളിനും നഴ്സിംഗ് കോളേജിനുമായി സംയുക്ത കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംയുക്തമായി നഴ്സിംഗ് സ്കൂളിനും നഴ്സിംഗ് കോളേജിനും കെട്ടിടം പണിയുന്നതിനായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങൾ പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുണ്ട് . നിർദിഷ്ട സ്ഥലത്തിന്റെ സ്കെച്ച് , കെട്ടിടത്തിന്റെ സ്കെച്ച് , സ്കീം ഡ്രോയിംഗ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു . |

| | | | |
|---|---|---|---|
| (സി) | മഞ്ചേരി നഴ്സിംഗ് സ്കൂൾ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രസ്തുത നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ആരോഗ്യ വകുപ്പിന് കീഴിലുള്ള മഞ്ചേരി ചെരണിയിലെ ടി.ബി സെന്ററിനോടനുബന്ധിച്ചുള്ള സ്ഥലത്ത് നഴിസിംഗ് സ്കൂളിനും നഴ്സിംഗ് കോളേജിനുമായി സംയുക്ത കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംയുക്തമായി നഴ്സിംഗ് സ്കൂളിനും നഴ്സിംഗ് കോളേജിനും കെട്ടിടം പണിയുന്നതിനായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങൾ പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുണ്ട് . നിർദിഷ്ട സ്ഥലത്തിന്റെ സ്കെച്ച് , കെട്ടിടത്തിന്റെ സ്കെച്ച് , സ്കീം ഡ്രോയിംഗ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ